# കേരള സർവകലാശാല

നം. പി.ആർ.061/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കുന്ന മികച്ച ബഡ്ജറ്റ്

പഠന ഗവേഷണരംഗത്തും വിദ്യാർത്ഥികളുടെ സർഗ്ഗാത്മക പ്രവർത്തനത്തിനും ഏറെ പ്രാധാന്യം നൽകുന്ന കേരള സർവകലാശാലയുടെ 2018-19 ബഡ്ജറ്റ് സിൻഡിക്കേറ്റംഗവും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ അഡ്വ. കെ.എച്ച്. ബാബുജാൻ ഇന്നു ചേർന്ന സെനറ്റ് യോഗത്തിൽ അവതരിപ്പിച്ചു. കേരള സർവകലാശാലയെ മികവിന്റെ കേന്ദ്രമാക്കാൻ പര്യാപ്തമായ 459.7 കോടി യുടെ വികസന പദ്ധതികളാണ് ബഡ്ജറ്റിലുള്ളത്. സാധാരണ വിദ്യാർത്ഥി കൾക്ക്, കോർപ്പറേറ്റ് താൽപര്യങ്ങൾക്കും കമ്പോള താല്പര്യങ്ങൾക്കും വഴ ങ്ങാത്ത അക്കാദമിക നിലവാരം സമ്മാനിക്കുക എന്നതാണ് ഈ ബഡ്ജറ്റ് ലക്ഷ്യമാക്കുന്നത്. 'സ്റ്റെം സെൽ' തെറാപ്പിയിലും ആൻഡമാനിലെ അപൂർവ സസ്യങ്ങളുടെ ജനിതക ശേഖരം കാര്യവട്ടം ക്യാമ്പസിൽ സൃഷ്ടിക്കുന്നതിനും അവയുടെ തുടർഗവേഷണത്തിനും ബഡ്ജറ്റിൽ പ്രത്യേക പരിഗണന നൽകു ന്നുണ്ട്.

ഭൂമിശാസ്ത്ര പഠന ഗവേഷണത്തിന് പുതിയ പഠന വകുപ്പും മാർക്സി യൻ പഠനഗവേഷണത്തിനും ശ്രീനാരായണ ദർശനങ്ങളുടെ പഠനത്തിനും പ്രത്യേക പദ്ധതികളും ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. കേരള സംസ്കാരത്തിന്റേയും ഭാഷയുടേയും പഠന ഗവേഷണത്തിനായി നിലവി ലുള്ള അന്താരാഷ്ട്ര കേരള പഠന കേന്ദ്രത്തിനെ പഠന വകുപ്പാക്കി മാറ്റും. സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ മികവുറ്റ നിരവധി പദ്ധതിക ളാണ് ബഡ്ജറ്റ് നിർദ്ദേശിക്കുന്നത്. വിദൂര പഠന വിഭാഗത്തിന് കാര്യവട്ടം ക്യാമ്പസിൽ പുതിയ ആസ്ഥാനം, യൂണിവേഴ്സിറ്റിയുടെ എൻജിനീയറിംഗ് കോളേജിന് പ്രത്യേക പുതിയ കെട്ടിടം, പഠനവകുപ്പുകളുടെ ഏകോപനത്തി നായി ക്യാമ്പസ് ഡയറക്ടറേറ്റ്, മൾട്ടി പർപ്പസ് കൺവെൻഷൻ സെന്റർ, വിവിധ അക്കാദമിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുതകുന്ന അക്കാദ മിക് കോംപ്ലക്സ്, ആധുനിക സംവിധാനങ്ങളുള്ള ജിംനേഷ്യം, വിവിധ ഗവേ ഷണങ്ങൾക്ക് പര്യാപ്തമായ അത്യന്താധുനിക സൗകര്യമുള്ള ലാബോറട്ടറി കൾ, ചിത്രശലഭോദ്യാനം, വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയേയും പഠനാനു ബന്ധ പ്രവർത്തനങ്ങളെയും പരിപോഷിപ്പിക്കുവാൻ പര്യാപ്തമാകുന്ന വേദി യായി നിശാഗന്ധി മോഡൽ ഓപ്പൺ എയർ ആഡിറ്റോറിയം, ലൈബ്രറികളുടെ നവീകരണം, ബയോഗ്യാസ് പ്ലാന്റ്, വിദ്യാർത്ഥികളുടെ ട്രോമാകെയർ പിങ്ക് റൂമുകൾ തുടങ്ങി ഒട്ടേറെ കർമ്മ പദ്ധതികളാണ് ബഡ്ജറ്റ് മുന്നോട്ട് വയ്ക്കു ന്നത്. പുതിയ തലമുറയുടെ വിദ്യാഭ്യാസ അഭിരുചിയെ പരിപോഷിപ്പി ക്കുന്നതരത്തിൽ ഇന്റഗ്രേറ്റഡ് കോഴ്സുകൾ പഠനവകുപ്പുകളിൽ തുടങ്ങും. ജീവനക്കാർക്കും അദ്ധ്യാപകർക്കും യോഗാ പരിശീലനം, 'ബ്ലൂം' എന്ന പേരിൽ ആരോഗ്യ പദ്ധതി ഉൾപ്പെടെ ഒട്ടേറെ സംരക്ഷണ പദ്ധതികളും ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. സർട്ടിഫിക്കറ്റുകളും മാർക്കുലിസ്റ്റുകളും ഉൾപ്പെടെ സർവകലാശാലാ ആസ്ഥാനത്ത് വന്നാൽ ലഭിക്കുന്ന ഒട്ടുമിക്ക സേവനങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കത്തക്ക വിധത്തിൽ ജില്ലാ ഇൻഫർമേഷൻ സെന്ററുകളെ നവീകരിക്കും. നൂതനമായ സാങ്കേതിക

വിദ്യകൾ ഉപയോഗിച്ച് എല്ലാ പരീക്ഷാ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന സ്റ്റുഡന്റ് ലൈഫ് സൈക്കിൾ മാനേജ്മെന്റ് സിസ്റ്റം, സർവകലാശാല സമൂഹത്തിന്റെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമായി ടാലന്റ് ബാങ്ക് എന്നീ ബഡ്ജറ്റ് നിർദ്ദേശങ്ങളും ശ്രദ്ധേയമാണ്.

പദ്ധതിയേതര ഇനത്തിൽ 457.69 കോടി രൂപ വരവും 459.70 കോടി രൂപ ചെലവും 2.01 കോടി കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഫിനാൻസ് കമ്മിറ്റി കൺവീനർ സെനറ്റിന് മുമ്പാകെ അവതരിപ്പിച്ചത്.

നാളെ വിശദമായ ചർച്ചകൾക്ക് ശേഷം ബഡ്ജറ്റ് സെനറ്റ് അംഗീകരിക്കും.



(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)

## പി.എച്ച്.ഡി കോഴ്സ് വർക്ക് ഫലം

ജനുവരിയിൽ നടത്തിയ പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ ഫലം

2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ റഗുലർ (2016-17 ബാച്ച് - തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്) ഇംഗ്ലീഷ് വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## കേരള സർവകലാശാല കരിക്കുലം ഫെയർ - 2018

കേരള സർവകലാശാല കരിക്കുലം ഫെയർ - 2018 വൈസ്ചാൻസലർ ഉദ്ഘാടനം ചെയ്തു. കരിക്കുലത്തിൽ നൂതനാശയങ്ങൾ ആവിഷ്ക്കരിക്കുകയും അവ പഠന പ്രക്രിയയിൽ സ്വാംശീകരിപ്പിക്കുകയും ചെയ്യുന്നതിൽ യൂണിവേഴ്സിറ്റി അധ്യാപകർ ഏറെ ശ്രദ്ധ ചെലുത്തണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ വൈസ്ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ അഭിപ്രായപ്പെട്ടു. സിൻഡി

ക്കേറ്റ് അംഗങ്ങൾ, അധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. കരിക്കുലം മാതൃകകളുടെ പ്രദർശനവും വിലയിരുത്തലും നടത്തി. കരിക്കുലം മാതൃകകളുടെ പ്രദർശനം മാർച്ച് 22 വരെ വിദ്യാർത്ഥി സേവന കേന്ദ്രത്തിൽ സജ്ജമാക്കിയിട്ടുണ്ട്. അക്കാദമിക്, നോൺ-അക്കാദമിക് രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് പ്രദർശനത്തിൽ പങ്കെടുക്കാമെന്ന് കരിക്കുലം ഡെവലപ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആശ. ജെ.വി അറിയിച്ചു.. പ്രവേശനം തികച്ചും സൗജന്യമാണ്.



(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)
(അടിക്കുറുപ്പ്: കരിക്കുലം ഫെയർ - 2018, കേരള യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. ഗോപിനാഥ് രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.)

തിരുവനന്തപുരം.
16.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098